അംഗങ്ങൾക്ക് പിരിഞ്ഞുപോകുമ്പോൾ അവരുടെ സർവീസിന്റെ ദൈർഘ്യം അനുസരിച്ച് ആനുകൂല്യം ലഭിക്കുന്നതാണ്. അസംഘടിതരായ അലക്ക്, ബാർബർ, ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് 2004-ൽ ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ട്. മരംകയറ്റ തൊഴിലാളികൾ, കടകളിലേയും വാണിജ്യ സ്ഥാപനങ്ങളിലേയും തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, സ്വർണ്ണാഭരണത്തൊഴിലാളികൾ, കളിമൺ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, ഗാർഹിക തൊഴിലാളികൾ എന്നിവർക്കായുള്ള ക്ഷേമനിധിയും സർക്കാർ പരിഗണിച്ചുവരുന്നു.

കൂടാതെ അസംഘടിതരായ തൊഴിലാളികൾക്ക് വേണ്ടിയുള്ള സാമൂഹ്യ സുരക്ഷാപദ്ധതി കേന്ദ്രസർക്കാരിന്റെ പരിഗണനയിലുണ്ട്. ആയത് പ്രാബല്യത്തിൽവരുന്നതിനോടൊപ്പം സംസ്ഥാന സർക്കാരും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ക്ഷേമനിധി ബോർഡുകളുടെ കളക്ഷൻ സെന്ററുകൾ

38 [525] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ബോർഡുകളുടെ കീഴിൽ താലൂക്ക് കേന്ദ്രങ്ങളിൽ കേന്ദ്രീകൃത ക്ഷേമനധി കളക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സംസ്ഥാനത്ത് എത്ര സെന്ററുകൾ ഇപ്രകാരം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ എവിടെയെല്ലാമാണ് കളക്ഷൻ സെന്ററുകൾ ആരംഭിച്ചതെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സെന്ററുകൾ ആരംഭിക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. കളക്ഷൻ സെന്ററുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധിബോർഡിലെ സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് വിഹിതമടയ്ക്കുന്നതിന് കളക്ഷൻ സെന്ററുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്രീകൃത ക്ഷേമനിധി കളക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly